60

# "ദരിദ്രരെ ഓർക്കുക"

## (20:1- 6)

പ്രവൃത്തികൾ 20ലെ ആദ്യത്തെ ആറു വാക്യങ്ങൾ നാം വായിക്കുമ്പോൾ, തന്റെ മൂന്നാമത്തെ മിഷണറിയാത്ര അവസാനിപ്പിക്കുമ്പോൾ, പൗലൊസ് ഗ്രീസിൽ പോയി മടങ്ങിവരുന്നതിന്റെ ചുരുക്കവിവരണം അതിലുണ്ട്:

> കലഹം ശമിച്ചശേഷം, പൗലൊസ് ശിഷ്യന്മാരെ കൂട്ടിവരുത്തി പ്രബോധിപ്പിച്ചിട്ടു യാത്ര പറഞ്ഞു മക്കെദൊന്യക്കു പുറപ്പെട്ടുപോയി, ആ പ്രദേശങ്ങളിൽ കൂടി സഞ്ചരിച്ചു അവരെ ഏറിയോന്നു പ്രബോധിപ്പിച്ചിട്ടു, യവനദേശത്ത് എത്തി. അവിടെ മൂന്നുമാസം കഴിച്ചിട്ടു, സുറിയക്കു കപ്പൽ കയറിപ്പോകുവാൻ ഭാവിക്കുമ്പോൾ, യെഹൂദന്മാർ അവന്റെ നേരെ കൂട്ടുകെട്ടു ഉണ്ടാക്കുകയാൽ മക്കെദൊന്യ വഴിയായി മടങ്ങിപ്പോകുവാൻ നിശ്ചയിച്ചു. ബെരോവയിലെ പുറോസിന്റെ; മകൻ സോപത്രൊസും, തെസ്സലൊനികൃരായ അരിസ്തർഹൊസും സെക്കുന്തൊസും ദെർബ്ബക്കാരനായ, ഗായൊസും തിമൊഥെയൊസും; ആസ്യക്കാരനായ തുഹിക്കൊസും ത്രൊഫിമൊസും; ആസ്യവരെ അവനോടു കൂടെ പോയി. അവർ മുമ്പെ പോയി ത്രോവാസിൽ ഞങ്ങൾക്കായി കാത്തിരുന്നു. ഞങ്ങളോ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ കഴിഞ്ഞിട്ട് ഫിലിപ്പിയയിൽ നിന്നു കപ്പൽ കയറി. അഞ്ചുദിവസം കൊണ്ടു ത്രോവാസിൽ അവരുടെ അടുക്കൽ എത്തി ഏഴുദിവസം അവിടെ പാർത്തു (പ്രവൃത്തികൾ 20:1-6).

മറ്റു വേദഭാഗങ്ങളെപ്പോലെ ഇതും താരതമ്യേന അപ്രധാനമെന്നും, മുഷിപ്പിക്കുന്നതെന്നും തോന്നാം, ഈ വാക്യങ്ങൾ ആഴത്തിൽ പഠിച്ചാൽ, ധാരാളം സത്യങ്ങൾ കണ്ടെത്താം.

ഈ ആറുവാക്യങ്ങളിലായി പറഞ്ഞിരിക്കുന്നവയുടെ കാലയളവ് പുനരാവിഷ്കരിച്ചാൽ,[1] വേദഭാഗത്തിൽ ചുരുങ്ങിയതു ഒരു "വർഷത്തെ യാത്രയും വീരസാഹസപ്രവൃത്തിയും"[2] കാണാൻ കഴിയും. പൗലൊസിന്റെ ഈ സമയത്തെ മുഖ്യചിന്തയെ ചുരുങ്ങിയ വാക്കുകൾ ആകാം. 20-ാം അദ്ധ്യായത്തിലെ അവസാന വാക്കുകൾ: "ഇങ്ങനെ പ്രയത്നം ചെയ്തു, പ്രാപ്തിയില്ലാത്തവരെ സഹായിക്കയും, 'വാങ്ങുന്നതിനേക്കാൾ

കൊടുക്കുന്നതു ഭാഗ്യം എന്നു കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊൾകയും, വേണ്ടതു എന്നു എല്ലാംകൊണ്ടും നിങ്ങൾക്കു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു'" (വാക്യം 35). ആ സമയത്തു, "പ്രാപ്തി യില്ലാത്തവർ" എന്നു പറഞ്ഞിരിക്കുന്നത് "യെരുശലേമിലെ മുട്ടുള്ള വിശു ദ്ധന്മാർ"[3] ആയിരുന്നു (റോമർ 15:26).

ആരംഭം മുതൽ, യെരുശലേം സഭക്കു താങ്ങാവുന്നതിലധികം ആവ ശ്യക്കാരായ അംഗങ്ങൾ ഉണ്ടായിരുന്നു. സഭ സ്ഥാപിച്ച ഉടനെ, വസ്തു വകകൾ ഉണ്ടായിരുന്നവർ അവ വിറ്റ് ഒന്നുമില്ലാത്തവർക്കു കൂടെ പങ്കിട്ടു (പ്രവൃത്തികൾ 2:44, 45; 4:32–35; 6:1). ഒരു ക്ഷാമം നേരിട്ടപ്പോൾ, അന്തൊ ക്യയിലെ സഭ യെരുശലേമിലും യെഹൂദ്യയിലും ആവശ്യമുള്ളവരെ സഹായിച്ചു (11:27–30; 12:25). പൗലൊസും ബർന്നബാസും യെരുശലേ മിലേക്കു പ്രത്യേക യാത്ര നടത്തിയപ്പോൾ, പത്രൊസും മറ്റു അദ്ധ്യക്ഷ ന്മാരും അവരോട് "ദരിദ്രരെ ഓർക്ക" എന്നു പറഞ്ഞിരുന്നു – പ്രത്യേ കിച്ച് ദരിദ്രരായിരുന്ന യെഹൂദക്രിസ്ത്യാനികളെ (പ്രത്യേകിച്ച് യെരുശലേമിലുള്ളവരെ).[4] പൗലൊസ് പറഞ്ഞു "ഞങ്ങൾ അങ്ങനെ ചെയ്‌വാൻ ഉത്സാഹിച്ചുമിരിക്കുന്നു" (ഗലാത്യർ 2:10).

പൗലൊസിന്റെ രണ്ടും മൂന്നും മിഷണറിയാത്രക്കിടയിൽ, യെരു ശലേം സഭക്കുവേണ്ട ധർമ്മശേഖരം നടത്തുവാനുള്ള ശ്രമത്തിലായിരു ന്നു.[5] യെഹൂദന്മാർക്കു ജാതികൾ നല്കുന്ന ഈ സ്നേഹോ – പകാരം അവർക്കു രണ്ടുകൂട്ടർക്കു ഇടയിലുള്ള ബന്ധത്തെ അതു കൂടുതൽ ദൃഢ മാകുമെന്ന് പൗലൊസ് പ്രത്യാശിച്ചു (2 കൊരിന്ത്യർ 9:11–14). മൂന്നാം യാത്ര മുഴുവൻ, പൗലൊസ് ഈ ധർമ്മശേഖരത്തിനായി യത്നിച്ചു (1 കൊരിന്ത്യർ 16:1, 2; 2 കൊരിന്ത്യർ 8:10). ഇപ്പോൾ അതു പൂർത്തി യാക്കി അവൻ ആ പണം യെരുശലേമിലേക്കുകൊണ്ടുപോകുവാൻ തയ്യാ റായി.

നാം പ്രവൃത്തികൾ 20:1–6 ന്റെ ആഴത്തിലേക്ക് ഇറങ്ങുമ്പോൾ ഈ ഉദ്ദേശം മനസിൽ വെക്കുക.

### കരുതൽ (20:1)

വാക്യം 1–ൽ കരുതൽ നിറഞ്ഞിരിക്കുന്നു: "കലഹം ശമിച്ച ശേഷം, പൗലൊസ് ശിഷ്യന്മാരെ കൂട്ടിവരുത്തി പ്രബോധിപ്പിച്ചിട്ടു യാത്ര പറഞ്ഞു, മക്കെദൊന്യക്കു പുറപ്പെട്ടുപോയി." ആദ്യം, താൻ എഫെസൊസിൽ വിട്ടു പോകുന്ന ക്രിസ്ത്യാനികളെക്കുറിച്ചുള്ള കരുതൽ. "പൗലൊസ് ശിഷ്യ ന്മാരെ വരുത്തി" – ഒരുപക്ഷേ കലഹത്തിൽ ആർക്കെങ്കിലും പരുക്ക് പറ്റിയോ എന്നറിയാനാകും, അല്ലെങ്കിൽ താൻ രംഗസ്ഥലത്തു ഉടനെ എത്താതിരിക്കാനുള്ള കാരണം വിശദീകരിക്കാനാകാം, തീർച്ചയായും അവൻ പോകുന്നതിനുമുൻപ് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ആഗ്ര ഹിച്ചു. രണ്ട്, പറഞ്ഞതുപോലെ, "യെരുശലേമിലെ സഹോദരന്മാർക്കിട യിൽ മുട്ടുള്ളവരെ കുറിച്ചുള്ള" കരുതലും ഉണ്ടായിരുന്നു. ആവശ്യമു ള്ളവരെ സഹായിക്കുവാനുള്ള ധർമ്മശേഖരത്തിനാണ് മക്കെദൊന്യയി ലേക്കു പോകുന്നത്. എങ്ങനെയായാലും, മറ്റൊരു കരുതലും ഉറക്കമി ല്ലാത്ത രാത്രികളും – ഉണ്ടാകാൻ കാരണം അവൻ ഗ്രീസിലേക്കു പോകു

വാനുള്ളതായിരുന്നു: കൊരിന്ത്യ സഭയിലെ പ്രശ്നങ്ങളായിരുന്നു അവനെ അലട്ടിക്കൊണ്ടിരുന്നത്.

തിമൊഥെയൊസിന്റെ സന്ദർശനത്തെത്തുടർന്ന് പ്രവർത്തിക്കുവാൻ തിത്തൊസിനെ പൗലൊസ് അയച്ചതായി നമ്മുടെ കഴിഞ്ഞ പാഠത്തിൽ നാം ശ്രദ്ധിച്ചു (2 കൊരിന്ത്യർ 2:12, 13; 7:5–7; 8:6, 23). പിന്നെ തിത്തൊസ് കൊരിന്ത്യർ എങ്ങനെ അകന്നു പോയി എന്ന വിവരം പൗലൊസിനെ അറിയിക്കുന്നുണ്ട്. തിത്തൊസിന്റെ യാത്രാപരിപാടി കൊരിന്തിൽ നിന്നു മക്കെദൊന്യയിലേക്കും, അവിടെ നിന്നു ത്രോവാസിലേക്കും, അവസാനം എഫെസൊസിലേക്കും ആയിരുന്നു. മക്കെദൊന്യയ്ക്കു പോകുവാൻ പൗലൊസ് എഫെസൊസ് വിട്ടപ്പോൾ, അവൻ ആദ്യം ഇറങ്ങിയത് ത്രോവാസിലായിരുന്നു (2 കൊരിന്ത്യർ 2:12), അവിടെയായിരുന്നു തിത്തൊസിനെ സന്ധിക്കാൻ നിശ്ചയിച്ച സ്ഥലം.

പൗലൊസിനു ആദ്യം മക്കെദൊന്യ വിളി ലഭിച്ച സ്ഥലമായിരുന്ന അയേഗ്യൻ കടലിന്റെ[6] തുറമുഖമായിരുന്ന ത്രോവാസ് (പ്രവൃത്തികൾ 16:8–10). ആ ചുരുങ്ങിയ സന്ദർഭത്തിൽ പ്രസംഗിക്കാതിരിക്കയോ ചുരുങ്ങിയ തോതിൽ പ്രസംഗിക്കയോ ചെയ്തിരിക്കാം. എങ്ങനെയായാലും, ഈ സമയത്ത്, അവന്നു "ഒരുവാതിൽ തുറന്നുകിട്ടി" (2 കൊരിന്ത്യർ 2:12); പട്ടണം ഇപ്പോൾ സുവിശേഷത്തിനു പാകമായിരിക്കുന്നു. ആ അവസരത്തെ പൗലൊസ് – ആദ്യത്തെ – പോലെ എടുത്തു:[7] അവൻ കൊരിന്തിനെക്കുറിച്ച് അത്രമാത്രം കരുതിയതുകൊണ്ട് ആ സന്ദർഭം ഉപയോഗിക്കാൻ അവൻ തയ്യാറായില്ല. അവൻ പിന്നീട് എഴുതി: "എന്റെ സഹോദരനായ തിത്തൊസിനെ കാണാഞ്ഞിട്ടു; മനസിനു സ്വസ്ഥതയില്ലായ്കയാൽ [ത്രോവാസിലേക്കു] ഞാൻ അവരോടു യാത്ര പറഞ്ഞു മക്കെദൊന്യക്കു പുറപ്പെട്ടു" (2 കൊരിന്ത്യർ 2:13).

തിത്തൊസിനെ മക്കെദൊന്യയിൽ പൗലൊസ് വിഘ്നപ്പെടുത്തുവാൻ ആഗ്രഹിച്ചുവെങ്കിലും, തിത്തൊസ് അവിടെ ഇല്ലായിരുന്നു. യെരുശലേമിനു വേണ്ടി പൗലൊസ് ധർമ്മശേഖരം നടത്തിക്കൊണ്ടിരുന്നുവെങ്കിലും, യുവ ഉപദേഷ്ടാവിനെ കാത്തിരുന്നു – മക്കെദൊന്യരുടെ ഔദാര്യ സഹായത്തിൽ അതീവ സന്തുഷ്ടനായി (2 കൊരിന്ത്യർ 8:1–5) – എന്നിട്ടും അവൻ ചിന്താഭാരം നിറഞ്ഞവനായിരുന്നു. പിന്നീട് അവൻ പറഞ്ഞു, "ഞങ്ങൾ മക്കെദൊന്യയിൽ എത്തിയശേഷം ഞങ്ങളുടെ ജഡത്തിനു ഒട്ടും സുഖമല്ല, എല്ലാ വിധത്തിലും കഷ്ടമത്രേ ഉണ്ടായത്" (2 കൊരിന്ത്യർ 7:5). അവനെ തെസ്സലൊനിക്യയിൽ നിന്നു ബെരോവയിലേക്ക് ഓടിച്ച യെഹൂദന്മാരിൽ നിന്നുള്ള "കഷ്ടത" യായിരുന്നേക്കാം. മറ്റുള്ള "ഭയ" ത്തോടൊപ്പം, കൊരിന്ത്യക്രിസ്ത്യാനികൾ വളരെ മോശമായി പ്രതികരിച്ചതും ഭയപ്പെടുവാൻ കാരണമായി. (പൗലൊസിനും മോശമായ ദിവസങ്ങൾ ഉണ്ടായിരുന്നു; നിങ്ങൾക്കും മോശമായ ദിവസങ്ങൾ ഉണ്ടാകുമ്പോൾ കർത്താവു നിങ്ങളെ ഉപേക്ഷിക്കയില്ല.)

അവസാനം തിത്തൊസ് എത്തി, സദ്വാർത്തയുമായാണെത്തിയത്. പൊതുവിൽ, കൊരിന്ത്യാസഭ പൗലൊസിന്റെ ശാസനയും മുന്നറിയിപ്പുകളും നല്ല രീതിയിലാണ് പ്രതികരിച്ചത്. ആ ആശ്വാസം പൗലൊസ് ഈ വാക്കുകളിൽ എഴുതി:

> എങ്കിലും, എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം തിത്തൊസിന്റെ വര വിനാൽ മാത്രമല്ല; അവന്നു നിങ്ങളെക്കൊണ്ടു ലഭിച്ച ആശ്വാ സത്താലും കൂടെ, നിങ്ങളുടെ വാഞ്ചയും നിങ്ങളുടെ വിലാപവും എനിക്കായുള്ള നിങ്ങളുടെ എരിവും ഞങ്ങളോടു അറിയിച്ചതിനാൽ തന്നേ. അതുകൊണ്ട് ഞാൻ അധികമായി സന്തോഷിച്ചു (2 കൊരി ന്ത്യർ 7:6, 7).

2 കൊരിന്ത്യർ[8] എന്നു നാം വിളിക്കുന്ന ലേഖനം പൗലൊസ് പറ ഞ്ഞുകൊടുത്ത് എഴുതിയതും തിത്തൊസിനെ മറ്റു രണ്ടുപേരോടുകൂടെ കൊരിന്ത്യയിലേക്കു മടക്കി അയക്കയും ചെയ്തു (2 കൊരിന്ത്യർ 8:16–24).[9]

പൗലൊസിനു തന്റെ സഹോദരന്മാരോടുള്ള അഗാധമായ കരുതൽ കാണാതെ നമുക്കു 2 കൊരിന്ത്യർ വായിക്കാൻ സാധ്യമല്ല. അവന്റെ ആത്മാവിനു "വിശ്രമമില്ലായിരുന്നു" (2:13; 7:5); അവനിൽ "ഭയം" നിറ ച്ചിരുന്നു (7:5); അവനെ "മ്ലാനമാക്കിയിരുന്നു" (7:6; എൻഐവി). നാമും, കൂടെ, നമ്മുടെ സഹോദരന്മാർക്കുവേണ്ടി കരുതലുള്ളവരാകണം – അവർ ശാരീരികമായി കഷ്ടപ്പെടുമ്പോൾ (യെരുശലേമിലെ ക്രിസ്ത്യാ നികളുടെ വിഷമത്തിൽ പൗലൊസ് ഇളകി) ആത്മിയമായി അവർ ന്യൂന തയുള്ളവരാകുമ്പോഴും (കൊരിന്തിന്റെ പോരായ്മകളിൽ ബാധിക്കപ്പെ ട്ടതുപോലെ)! പൗലൊസിന്റെ വാക്കുകൾ നമ്മെ പ്രോത്സാഹിപ്പിക്കുന്ന വയാണ്:

> ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരു പോലെ കരുതേണ്ടതിനായി, ... ദൈവം കുറവുള്ളതിനു അധികം മാനം കൊടുത്തുകൊണ്ടു ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നുവെങ്കിൽ, അവ യവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു; എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു (1 കൊരിന്ത്യർ 12:25–27).

### ധർമ്മശേഖരം (20:2-4)

2 കൊരിന്ത്യർക്കെഴുതിയ ലേഖനം പൗലൊസ് എഴുതുവാനുള്ള ഒരു കാരണം യെരുശലേമിനു വേണ്ടിയുള്ള അവരുടെ ധർമ്മശേഖരം പൂർത്തിയാക്കുക എന്നതായിരുന്നു. മക്കെദോന്യരുടെ ഔദാര്യം അനു കരിക്കാൻ പൗലൊസ് കൊരിന്ത്യരോട് അപേക്ഷിച്ചു (8 ഉം 9 ഉം അദ്ധ്യാ യങ്ങൾ).

പൗലൊസ് ലേഖനം അയച്ചശേഷം, കുറച്ചുസമയം മക്കെദൊന്യ യിൽ, ഉപദേശിച്ചും പ്രസംഗിച്ചും കൊണ്ടിരുന്നു. (ഫിലിപ്പിയ, തെസ്സലൊ നിക്യ, ബെരോവ, തുടങ്ങിയ പ്രദേശങ്ങളിലെ ക്രിസ്ത്യാനികളുമായി വീണ്ടും ഒത്തുചേരുന്ന സന്തോഷം എനിക്ക് ഊഹിക്കാൻ കഴിയും.) ഈ സമയത്ത്, വടക്കു പടിഞ്ഞാറായി സ്ഥിതിചെയ്തിരുന്ന ഇല്ലൂര്യ ദേശത്ത് അവൻ പ്രസംഗിക്കാൻ പോയി (റോമർ 15:19).[10] ലൂക്കൊസ് നിസാരമായി രേഖപ്പെടുത്തിയിരിക്കുന്നു "ആ പ്രദേശങ്ങളിൽ കൂടി സഞ്ച

രിച്ചു അവരെ ഏറിയോന്നു പ്രബോധിപ്പിച്ചിട്ടു,[11] ദേശത്തു എത്തി [അതായതു, അഖായ]" (പ്രവൃത്തികൾ 20:2). പിന്നെ അവൻ പറഞ്ഞു "അവിടെ അവൻ മൂന്നു മാസം കഴിച്ചു"[12] (വാക്യം 3). ഈ മൂന്നുമാസത്തിൽ അധികഭാഗവും പൗലൊസ് കൊരിന്തിൽ ചെലവഴിച്ചു, സഹോദരനായിരുന്ന ഗായോസിന്റെ അതിഥിയായി[13] (റോമർ 16:23).

കൊരിന്തിൽ വെച്ച്, പൗലൊസ് തന്റെ മാസ്റ്റർ പീസായ, റോമാ ലേഖനം എഴുതി.[14] റോമിൽ പോകുവാൻ പൗലൊസ് സഞ്ചരിക്കുന്നതായി, മുകളിൽ പറഞ്ഞുവല്ലൊ (റോമർ 1:9–15; 15:22–29). എങ്ങനെയായാലും, പൗലൊസ് യെരുശലേമിൽ ചെല്ലുമ്പോൾ നേരിടുവാനിടയുള്ള അപകടങ്ങളെ അവൻ അറിഞ്ഞിരുന്നു (റോമർ 15:31; പ്രവൃത്തികൾ 20:22–25; 21:13, 14). റോമർക്കു എഴുതുമ്പോൾ, "ക്രിസ്ത്യാനിത്വത്തിന്റെ ഒരു സംക്ഷിപ്ത പ്രസ്താവന," അവൻ അവിടെ എത്തിയാലും ഇല്ലെങ്കിലും വിടുന്നുണ്ട്.

റോമർക്കു പൗലൊസ് എഴുതിയപ്പോൾ, യെരുശലേമിനു വേണ്ടിയുള്ള ധർമ്മശേഖരം ഒക്കെ കൊരിന്തിലുള്ളവർ പൂർത്തിയാക്കിയിരുന്നു. "യെരുശലേമിലെ ക്രിസ്ത്യാനികൾക്കു ഇഷ്ടം തോന്നി" എന്നവൻ പറഞ്ഞു (റോമർ 15:26). എൻസിവിയിൽ "ഇതു ചെയ്യുവാൻ അവർക്കു സന്തോഷം ഉണ്ടായിരുന്നു" എന്നാണ്.

സ്നേഹ – ദാനം എന്ന ധർമ്മശേഖരം നടത്തിയ വിവിധ സഭകളിലെ പ്രതിനിധികളെ പൗലൊസ് ഒരു പക്ഷേ കൊരിന്തിൽവെച്ചു സന്ധിച്ചിരിക്കും (പ്രവൃത്തികൾ 20:4).[15] ഒരിക്കൽ ഈ "സഭയുടെ സന്ദേശവാഹകർ" (2 കൊരിന്ത്യർ 8:23) അതാതു ഇടവകകളിൽ നിന്നു ശേഖരിച്ചു കഴിഞ്ഞാൽ, ധർമ്മോപകാരത്തിനു തയ്യാറായി.

ക്രിസ്തുവിൽ ഉള്ള സഹോദരന്മാരെക്കുറിച്ചു നാം കരുതൽ ഉള്ളവരായിരിക്കണം എന്നു ഞാൻ പറഞ്ഞുവല്ലൊ. നമ്മുടെ കരുതൽ പ്രകടമാക്കണമെന്ന് മക്കെദൊന്യ, അഖായ, ആസ്യ, ഗലാത്യ തുടങ്ങിയ സഭകൾ നമ്മെ പഠിപ്പിക്കുന്നു. എപ്പോഴും – പ്രായോഗികമായി യാക്കൊബ് ഈ ചോദ്യം ചോദിക്കുന്നു: "ഒരു സഹോദരനോ സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വകയില്ലാത്തവരുമായിരിക്കെ, നിങ്ങളിൽ ഒരുത്തൻ അവരോട്, 'സമാധാനത്തോടെ, പോയി തീകായുകയും വിശപ്പടക്കുകയും ചെയ്യുവിൻ' എന്നു പറയുന്നതല്ലാതെ, അഹോവൃത്തിക്കു ആവശ്യമുള്ളതു, അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്?" (യാക്കൊബ് 2:15, 16).

## മുന്നറിയിപ്പ് (20:4)

ബെരോവയിലെ പുറോസിന്റെ മകൻ, "സോപത്രൊസും[16]; ... അരിസ്തർഹോസും[17] തെസ്സലൊനിക്യക്കാരനായിരുന്ന സെക്കന്തൊസും[18]; ദെർബ്ബെക്കാരനായിരുന്ന ഗായൊസും,[19] തിമൊഥെയൊസും; തിഹിക്കൊസും[20] ആസ്യക്കാരനായിരുന്ന തുഹിക്കൊസും[21] ആയിരുന്നു പ്രവൃത്തികൾ 20:4 ലെ ആ ഏഴു പുരുഷന്മാർ." മക്കെദൊന്യ സഭകളെ പ്രതിനിധാനം ചെയ്യുന്നവരായിരുന്നു സൊപത്രൊസും, അരിസ്തർഹൊസും, സുക്കന്തൊസും. ഗലാത്യസഭകളെ പ്രതിനിധാനം ചെയ്യുന്നവരായിരുന്നു

ഗായൊസും തിമൊഥെയോസും. ആസ്യയിലെ സഭകളെ പ്രതിനിധാനം ചെയ്യുന്നവർ ആയിരുന്നു തിഹിക്കൊസും ത്രോഫിമൊസും.[22] ഈ പുരുഷന്മാരും മറ്റുള്ളവരും ധർമ്മശേഖരവുമായി പൗലൊസിനോടുകൂടെ യാത്ര ചെയ്തിരുന്നു – എന്നാൽ എന്തുകൊണ്ട്?

അവർ, പൗലൊസ് ഒരു ചെറിയ സമ്പാദ്യവുമായി പോകുന്നതു കൊണ്ട് അവന്റെ അംഗരക്ഷകരായിരുന്നു എന്നു ചിലർ പറഞ്ഞിട്ടുണ്ട്.[23] വേറെ ചിലർ വിചാരിച്ചത് ധർമ്മശേഖരം (നാണയത്തുട്ടുകളാക്കികൊണ്ട്) ഓരോ തുണയും ഭാഗിച്ചു ഒളിച്ചുവെച്ചുകൊണ്ടു പോയതുകൊണ്ട്, വലിയ സംഖ്യ എന്ന അനുമാനം ഒഴിവാക്കി എന്നു കരുതുകയുണ്ടായി. ഒരു രസകരമായ സാധ്യത എന്തെന്നാൽ പൗലൊസ് ജാതികളായിരുന്ന ക്രിസ്ത്യാനികളെ കൊണ്ടു പോയി അവർക്കിടയിൽ നടന്ന സുവിശേഷ പ്രസംഗവും യെഹൂദക്രിസ്ത്യാനികളോട് അവർക്കുള്ള കരുതലും പ്രകടിപ്പിക്കുന്നതിനുവേണ്ടി ആയിരുന്നു എന്നതാണ്.[24]

ഈ ആശയങ്ങൾക്കു വിലയുണ്ടാകാം വിലയില്ലാതിരിക്കാം – എന്നാൽ ഇവരെ പൗലൊസ് ആവശ്യപ്പെട്ടതുകൊണ്ട് തിരഞ്ഞെടുത്തവരാണ് ഈ ധർമ്മശേഖരത്തിൽ തന്റെ വ്യക്തിപരമായ ഒരു നേട്ടവും പൗലൊസ് ആഗ്രഹിച്ചില്ല എന്നു തെളിയുന്നു. ധർമ്മ ശേഖരത്തെക്കുറിച്ച് കൊരിന്ത്യർക്കു പൗലൊസ് എഴുതുമ്പോൾ, പറഞ്ഞു: “ഞാൻ എത്തിയശേഷം [അവിടെ], നിങ്ങളുടെ ധർമ്മം, യെരുശലേമിലേക്കു കൊണ്ടു പോകുവാൻ; നിങ്ങൾക്കു സമ്മതമുള്ളവർക്കു, ഞാൻ എഴുത്തോടുകൂടെ അയക്കും” (1കൊരിന്ത്യർ 16:3, 4). പ്രതിനിധികളെ തിരഞ്ഞെടുത്തതു അവരുടെ ധർമ്മശേഖരം യെരുശലേമിലേക്കു കൊണ്ടു പോകുന്നതിനായിരുന്നു (പൗലൊസ് യെരുശലേമിലേക്കു പോകാൻ ശഠിച്ചില്ല). ഇതേ നിർദ്ദേശങ്ങൾ ധർമ്മശേഖരത്തിൽ പങ്കാളികളായിരുന്ന എല്ലാ സഭകൾക്കും കൊടുത്തിരിക്കും (2 കൊരിന്ത്യർ 8:19, 23).

അപവാദത്തിന്റെ ഒരു കണിക പോലും ഒഴിവാക്കുവാനായിരുന്നു പൗലൊസ് തീരുമാനിച്ചത്. തന്റെ കൊരിന്ത്യർക്കുവേണ്ടിയുള്ള പിൻ – തുടർച്ചാ ലേഖനത്തിൽ, ഈ ധർമ്മശേഖരം യെരുശലേമിൽ എത്തിക്കുവാൻ വന്ന സഹോദരന്മാരെ പറയുന്നുണ്ട്: “അത്രയുമല്ല കർത്താവിന്റെ മഹത്വത്തിനാലും നമ്മുടെ മനസ്സൊരുക്കം കാണിപ്പാനും, ഞങ്ങളുടെ ശുശ്രൂഷയാൽ നടക്കുന്ന ഈ ധർമ്മകാര്യത്തിൽ അവർ ഞങ്ങൾക്കു കൂട്ടു യാത്രക്കാരനായി സഭകളാൽ തിരഞ്ഞടുക്കപ്പെട്ടവരും ആകുന്നു, ...” (2 കൊരിന്ത്യർ 8:19). പിന്നെ പൗലൊസ് ഇങ്ങനെ നിർദ്ദേശിക്കുവാനുള്ള കാരണവും പറയുന്നു: അവൻ “ഈ ധർമ്മശേഖരകാര്യത്തിൽ ആരും ഞങ്ങളെ അപവാദം പറയാതിരിപ്പാൻ സൂക്ഷിച്ചുകൊണ്ട്; ഞങ്ങൾ കർത്താവിന്റെ മുമ്പാകെ മാത്രമല്ല, മനുഷ്യരുടെ മുമ്പാകെയും യോഗ്യമായതു, മുൻ കരുതുന്നു” (2 കൊരിന്ത്യർ 8:20, 21). *ദൈവം* വിചാരിച്ചിരിക്കുന്നതു മാത്രമല്ല; *മനുഷ്യർ* വിചാരിക്കുന്നതിനേയും മുൻകരുതിയിരുന്നു!

ചിലർ പണം കൈകാര്യം ചെയ്യുന്നത് സൂക്ഷിക്കണമെന്നും മുൻകരുതലെടുക്കണമെന്നും പറയുമ്പോൾ അവർക്ക് ഇഷ്ടപ്പെടാതെ അവർ വികാരാധീനരായി കരഞ്ഞു പറഞ്ഞിട്ടുണ്ട്, “അവർക്ക് എന്നെ വിശ്വാ

സമില്ല എങ്കിൽ, ഞാൻ വിട്ടു കളയും എന്ന്!" പൗലൊസ് "താൻ ഒരു അപ്പൊസ്തലൻ ആയതുകൊണ്ട്" തന്നെ വിശ്വസിക്കണമെന്ന് ആരോടും പറഞ്ഞില്ല; മറിച്ച്, ആളുകൾ തെറ്റായി വ്യാഖ്യാനിക്കാതിരിക്കാൻ ധർമ്മ ശേഖരത്തിന്റെ കാര്യത്തിൽ തന്നാലോവോളം അവൻ ചെയ്തു.

അടുത്ത കാലത്ത്, മതപരമായി അനാശാസ്യമായ രീതിയിൽ തങ്ങളെ ചോദ്യം ചെയ്യാനാവാത്ത സമൂഹത്തിൽ നിന്നു ധനം യാചിച്ചതായി അറിയപ്പെട്ടിട്ടുണ്ട്. ചില ആളുകൾ വിചാരിക്കുന്നത് എല്ലാ മതങ്ങളും നിയമ വിരുദ്ധമായി പണം സമ്പാദിക്കുന്നു എന്നാണ്. എന്നാൽ ക്രിസ്തുവിന്റെ മതം അങ്ങനെയാണെന്ന് ആരും പറവാൻ ഇടയാക്കരുത്. കർത്തൃവേലയിൽ പണമിടപാട് നടക്കുമ്പോഴെല്ലാം, നമുക്ക് കൂടുതൽ മുൻ കരുതലുകൾ എടുക്കാൻ കഴിയുന്നില്ല. നാം "സകല മനുഷ്യരുടേയും മുമ്പിൽ യോഗ്യമായി പ്രവർത്തിക്കണം" (റോമർ 12:17; കെ.ജെ.വി).

**കലഹം (20:3-5)**

പൗലൊസ് യെരുശലേമിലേക്കു പോകാൻ തയ്യാറായി, സാധാരണ പോലെ വിഷമം കൂടാതെ പൗലൊസിനു അവന്റെ പദ്ധതിനടപ്പാക്കാൻ കഴിഞ്ഞില്ല.[25] ലൂക്കൊസ് ഏതാണ്ട് (സാധാരണ പോലെ) പറഞ്ഞു "അവൻ അവിടെ നിന്നു സുറിയക്കു കപ്പൽ കയറിപ്പോകുവാൻ ഭാവി ¡ pt¼nÀ sb I qZ- nÀ[26] അവന്റെ നേരെ [പൗലൊസും] ഗൂഢാലോചന ഉണ്ടാക്കുകയാൽ"[27] (വാക്യം 3). ഇതേ യെഹൂദന്മാർ ആയിരിക്കണം അപ്പൊസ്തലനെ ഗല്ലിയോന്റെ അടുക്കലേക്ക് വലിച്ചിഴച്ച് നാണിപ്പിച്ചത് (18:12–17); നിയമപരമായി അവർക്കു പൗലൊസിനെ ഇല്ലാതാക്കാൻ കഴിഞ്ഞില്ലെങ്കിൽ, അവർ നിയമ വിരുദ്ധമായി നോക്കും. ആ ഗൂഢാലോചനയിൽ എന്തെല്ലാം അടങ്ങിയിരുന്നു എന്നു നമുക്ക് അറിഞ്ഞുകൂടാ. ഞാൻ മുൻപ് ചെയ്തതുപോലെ ഒരു പക്ഷേ പൗലൊസ് "കെംക്രയയിൽ നിന്നു സുറിയയിലേക്ക്" കപ്പൽ കയറാൻ പദ്ധതിയിട്ടിരിക്കാം (18:18).[28] ഒരു പക്ഷേ ഗൂഢാലോചന മോഷ്ടിക്കാനും[29] അവനെ കെംക്രെയയ്ക്കും കൊരിന്തിനും മദ്ധ്യേ കടന്നു പോകുമ്പോൾ അവനെ വക വരുത്താനും അവർ ആലോചിച്ചിരിക്കാം; അല്ലെങ്കിൽ അവനെ തുറമുഖത്തു നിന്നു പിടിച്ച് വലിച്ചിഴച്ച് കടലിലെത്തുമ്പോൾ കടലിലേക്ക് എറിയുവാനും പദ്ധതിയിട്ടിരിക്കാം.

ഒരിക്കൽ കൂടെ, ദൈവ കൃപയാൽ, പൗലൊസിന് ആ ഗൂഢാലോചനയെക്കുറിച്ച് അറിവു കിട്ടിയതുകൊണ്ട്, അവൻ പെട്ടെന്ന് തന്റെ പരിപാടി മാറ്റി. അവന്റെ കൂട്ടു യാത്രക്കാർ കപ്പലിൽ കയറി യാത്ര തുടരുവാൻ പദ്ധതിയിടുമ്പോൾ (തോവാസിൽ പത്രൊസിനു വേണ്ടി കാത്തിരിക്കുവാൻ വേണ്ടത്ര നിർദ്ദേശവുമായി 20:4, 5),[30] പൗലൊസ് സ്വയം "മക്കെദൊന്യവഴി [കരമാർഗ്ഗം, നീണ്ട യാത്ര] മടങ്ങി പോകുവാൻ തീരുമാനിച്ചു" (വാക്യം 3).

നാം ശരിയായതു ചെയ്യുമ്പോൾ, സ്വാഭാവികമായും, എതിർപ്പുണ്ടാകാം; അതാണ് പിശാചിന്റെ തന്ത്രം. ആവശ്യമുള്ളവരെ സഹായിക്കുക എന്ന കാര്യത്തിൽ, അവിശ്വാസികളിൽ നിന്നു മാത്രം കലഹം ഉണ്ടാകണമെന്നില്ല (പൗലൊസിന്റെ കാര്യം പോലെ). ചിലപ്പോൾ (വിശ്വ

സിച്ചാലും ഇല്ലെങ്കിലും) വിശ്വാസികളിൽ നിന്നും അതു വരും.[31] അത്തരം ഇടപെടൽ നിങ്ങളെ "ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ, സഹവിശ്വാസികൾക്കും നന്മചെയ്ക എന്നതിൽ നിന്ന് പിന്തിരിപ്പിക്കുവാൻ അനുവദിക്കരുത്" (ഗലാത്യർ 6:10).

**പൂർത്തീകരണം (20:6)**

പൗലൊസിന് ആദ്യം മക്കെദൊന്യയിലേക്കു മടങ്ങുവാൻ പരിപാടിയില്ലായിരുന്നെങ്കിലും, അവിടെയുള്ള സഹോദരങ്ങളെ വീണ്ടും കാണാനുള്ള അവസരം അവനെ സന്തോഷിപ്പിച്ചിരിക്കും എന്നുറപ്പാണ്. തനിക്കു യെരുശലേമിൽ വരുവാനിടയുള്ള അപകടങ്ങളെ പൗലൊസ് അറിഞ്ഞിരിക്കയാൽ (റോമർ 15:31),[32] താൻ സ്നേഹിച്ച സഹോദരങ്ങളെ വിട്ടുപിരിഞ്ഞപ്പോൾ അതു കണ്ണുനീരോടെയുള്ള യാത്രയയപ്പ് (പ്രവൃത്തികൾ 20:22–25, 36–38) ആയത് മനസ്സിലാക്കാവുന്നതേയുള്ളു.

അവസാനം, പൗലൊസ് നില്ക്കാൻ മനസ്സുണ്ടായിരുന്നെങ്കിലും പോകാൻ നിർബന്ധിതനായി. ലൂക്കൊസ് എഴുതി, "പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ കഴിഞ്ഞിട്ട്, ഫിലിപ്പിയയിൽ[33] നിന്നു കപ്പൽ കയറി അഞ്ചു ദിവസം കൊണ്ട് … ത്രോവാസിൽ അവരുടെ അടുക്കൽ എത്തി; ഏഴു ദിവസം അവിടെ പാർത്തു …"[34] (വാക്യം 6). "പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ" എന്ന പ്രയോഗം പെസഹയെ സൂചിപ്പിക്കുന്നു; വർഷത്തിന്റെ സമയത്തെയാണ് ലൂക്കൊസ് ഇവിടെ സൂചിപ്പിക്കുന്നത് (വസന്തത്തിന്റെ ആരംഭം).[35] "ഞങ്ങൾ" എന്ന വാക്ക് ശ്രദ്ധിക്കുക; പൗലൊസിന്റെ യാത്രാസംഘത്തോട് ലൂക്കൊസ് വീണ്ടും ചേരുന്നുണ്ട്.[36] അവസാനമായി ലൂക്കൊസ് പൗലൊസിന്റെ സംഘത്തിൽ ഫിലിപ്പിയയിൽ രണ്ടാമത്തെ യാത്രയിൽ വെച്ചാണ് ഒന്നാം വ്യക്തി ഉപയോഗിച്ചത് (16:11, 12, 40); അതു അന്തർലീനമാക്കുന്നത് ലൂക്കൊസ് ഫിലിപ്പിയിൽ തന്നെ, സഹോദരന്മാരൊക്കെ മൂന്നാം മിഷണറിയാത്രയുടെ അവസാനം ലൂക്കൊസ് പൗലൊസിനോട് ചേരുന്നതുവരെ, അവിടെ പ്രവർത്തിച്ചിരുന്നു. ഈ സമയം മുതൽ, മരണംവരെ ലൂക്കൊസ് പൗലൊസിനെ വിട്ടുപോയില്ല (കൊലൊസ്യർ 4:14; ഫിലേമോൻ 24; 2 തിമൊഥെയൊസ് 4:11). ഒരിക്കൽ കൂടെ ലൂക്കൊസും തിമൊഥെയോസും പൗലൊസിനോടുകൂടെ ചേരുന്നതു എത്ര പ്രോത്സാഹനമായിരുന്നു എന്നോർക്കുക!

നമ്മുടെ അടുത്ത പാഠത്തിൽ, ത്രോവാസിലെ പൗലൊസിന്റെയും മറ്റുള്ളവരുടേയും പ്രവർത്തന സംഭവങ്ങളെ കാണും. ഇപ്പോൾ, എങ്ങനെയായാലും, ആവശ്യമുള്ള വിശുദ്ധന്മാരെ സഹായിക്കുവാൻ തുടങ്ങിയ ധർമ്മശേഖരത്തിന്റെ വിജയകരമായ പൂർത്തീകരണത്തെ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ലൂക്കൊസ് പിന്നീട് പറഞ്ഞു, "യെരുശലേമിൽ എത്തിയപ്പോൾ സഹോദരന്മാർ ഞങ്ങളെ സന്തോഷത്തോടെ കൈക്കൊണ്ടു" (21:17). പിറ്റെദിവസം അവർ മൂപ്പന്മാരെ കണ്ടു (21:18), ആ സമയത്തായിരിക്കണം ധർമ്മശേഖരം നല്കിയത് ("ധർമ്മം" തന്റെ "ദേശം" ആയ, യെരുശലേമിലേക്കുള്ള സേവനം പൗലൊസ് പിന്നെ അതിനെ ദാനം എന്നു വിശേഷിപ്പിച്ചു, 24:17). പൗലൊസിന്റെ "യെരുശലേമിനുവേണ്ടിയുള്ള ശുശ്രൂഷ" "വിശുദ്ധന്മാർക്കു സ്വീകാര്യമായിരുന്നു"

എന്നു തെളിയിക്കുന്നു (റോമർ 15:31); എല്ലാം ശുഭമായി തീർന്നു.

ധർമ്മശേഖരം അത്ര എളുപ്പമായിരുന്നില്ല – ആ പദ്ധതി പൂർത്തിയാക്കാൻ നാലുവർഷത്തിലധികം എടുത്തു – എന്നാൽ പൗലൊസിനു മടുപ്പ് ഉണ്ടായില്ല; ആ പദ്ധതി അവൻ ഫലപ്രദമാക്കി. നല്ല ഉദ്ദേശങ്ങൾ മാത്രം പോരാ; നാം നല്ലൊരു പ്രവൃത്തി തുടങ്ങിയാൽ, നാം തുടങ്ങി വെച്ചതു പൂർത്തിയാക്കണം (ലൂക്കൊസ് 14:28–30; 2 കൊരിന്ത്യർ 8:6, 11). സർദ്ദീസിലെ സഹോദരങ്ങളോട് യേശു പറഞ്ഞു, "ഉണർന്നുകൊൾക, ... ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക. ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല" (വെളിപ്പാട് 3:2)!

**ഉപസംഹാരം**

പൗലൊസിന്റെ മാതൃകയിലൂടെ, നമ്മുടെ സഹോദരങ്ങളെക്കുറിച്ചു നാം കരുതലുള്ളവരായിരിക്കണം എന്നു, നാം കണ്ടു കഴിഞ്ഞു. യോഹന്നാൻ എഴുതി, "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവർ, ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളതു കണ്ടിട്ടു അവനോട് മനസ്സലിവു കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും?" (1 യോഹന്നാൻ 3:17). "ആവശ്യമുള്ളത്" എന്ന പ്രയോഗത്തിൽ ഭൗതിക ആവശ്യങ്ങളും ഉൾപ്പെടുത്തി ഊന്നിപ്പറയുന്നുണ്ട്, എന്നാൽ വൈകാരിക ആവശ്യങ്ങളും ഉണ്ട് (മുഖ്യമായി) ആത്മീയ ആവശ്യങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

നമ്മുടെ പാഠം കഴിയുന്നത്ര പ്രായോഗികമാക്കുവാൻ, ഞാൻ അഞ്ചു ശുപാർശകൾ നടത്തട്ടെ:

(1) ലോലമാക്കുക; ആവശ്യങ്ങൾ ഉണ്ടാകുമ്പോൾ അറിയുക.

(2) ആവശ്യങ്ങൾ വരുമ്പോൾ നിങ്ങളുടെ ഹൃദയങ്ങളെ മൃദുവാക്കുക. കഠിനപ്പെടുവാൻ എളുപ്പമാണ്. (ചിലർ പറയുന്നതു, "അവരുടെ കുഴപ്പങ്ങളാണ് അവരെ ഇങ്ങനെയാക്കിയത് എന്നാണ്.")

(3) നിങ്ങൾക്കു എങ്ങനെ സഹായിക്കാൻ പറ്റുമെന്ന്, ഉറപ്പുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുക.

(4) എതിർപ്പുകൾ വരുമ്പോൾ അതിശയിക്കരുത്. നിങ്ങളുടെ സ്വന്ത ഹൃദയത്തിൽ നിന്നും അതു വരുമ്പോൾ അതിശയിക്കരുത്.

(5) നിങ്ങൾ തയ്യാറാക്കുക പദ്ധതി നടപ്പിൽ വരുത്തുക. ഓർക്കുക: "സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ," എന്നു മാത്രം നാം *പറയുക*യാണെങ്കിലോ (യാക്കൊബ് 2:16).

പൗലൊസ് ധർമ്മശേഖരം നടത്തിയതിന്റെ പ്രാഥമിക ഉദ്ദേശം സഭയിലെ ബന്ധം ശക്തമാക്കുക എന്നതാണെന്നു ഞാൻ കരുതുന്നു നിങ്ങളും ഞാനും, മറ്റുള്ളവരെ സഹായിക്കുവാൻ സമർപ്പിക്കപ്പെട്ടാൽ, നാം കർത്താവിന്റെ ശരീരത്തിൽ ഏറ്റവും വലിയ സംഭാവനയായ സമാധാനവും ഐക്യതയും കൈവരിക്കും!

ഈ പാഠത്തിന്റെ തലവാചകം "ദരിദ്രരെ ഓർക്കുക" എന്നതാണെങ്കിലും, ഞാൻ ശ്രദ്ധ കേന്ദ്രീകരിച്ചത് വിശുദ്ധന്മാരായ ദരിദ്രരിലാണ്. പൊതുവായി ദരിദ്രരോടു ദയാലുവായിരിക്കണമെന്നതിനെക്കുറിച്ച് വളരെ കൂടുതൽ പറയുന്നുണ്ട്. നിങ്ങൾക്കു തുടങ്ങുവാൻ ഇതാ കുറേ വാക്യങ്ങൾ: മത്തായി 19:21; ലൂക്കൊസ് 14:13, 21; 19:8; 2 കൊരിന്ത്യർ 9:9; യാക്കൊബ് 2:2–6.

ഈ പ്രസംഗത്തിൽ, യെരുശലേമിലെ വിശുദ്ധന്മാരിൽ മുട്ടുള്ളവർക്കു വേണ്ടി നടത്തുന്ന ധർമ്മ ശേഖരത്തെയാണ് ഞാൻ ഉയർത്തികാണിച്ചത്. പൗലൊസിന്റെ മൂന്നാം മിഷണറിയാത്ര ചുരുക്കി അവസാനിപ്പിക്കുവാൻ നിങ്ങൾ താല്പര്യപ്പെടുന്നുവെങ്കിൽ, നിങ്ങൾക്കു വേണമെങ്കിൽ "പൗലൊസിന്റെ യാത്രാമൊഴി" എന്നു പേർ കൊടുക്കാം (അമേരിക്കയിൽ പേർ എടുത്ത പാട്ടുകാർ, അവർ "ഒരു വിരമിക്കുന്ന യാത്രാമൊഴി" രാജ്യത്തോടായി പറയാറുണ്ട്). മുഖ്യസൂചികകൾ (1) ആസ്യയിലേക്കുള്ള യാത്രപറച്ചിൽ, (2) മക്കെദൊന്യയിലേക്കുള്ള യാത്ര പറച്ചിൽ, (3) അഖായയിലേക്കുള്ള യാത്രപറച്ചിൽ. പൗലൊസ് ഒരു സ്ഥലത്തു "ഫെയർ വെൽ" എന്നു യാത്ര പറയുമ്പോൾ, മറ്റൊരു സ്ഥലത്ത് "ഹലൊ" എന്നുമാണ്. അങ്ങനെ, അവൻ ആസ്യ വിട്ടപ്പോൾ, അവന്നു മക്കെദൊന്യയോടും അഖായയോടും "ഹലൊ" എന്നു പറയുവാനായിരുന്നു പദ്ധതി (പ്രവൃത്തികൾ 19:21). അവൻ അഖായ വിട്ടപ്പോൾ, യെരുശലേമിനോടും റോമിനോടും "ഹലൊ" എന്നു പറയുവാനായിരുന്നു പദ്ധതി (19:21, 22). യാത്രപറച്ചിൽ ദു:ഖകരമാണ്; എന്നാൽ ഒരാൾ ദൈവത്തിന്റെ പദ്ധതിയിൽ നിലനിന്നാൽ, ജീവിതാവസാനത്തിൽ പോലും – "ഫെയർ വെൽ," "ഹലൊ" എന്നു തുടർന്നുകൊണ്ടിരിക്കും! (നിങ്ങൾക്കു വേണമെങ്കിൽ, "യാത്രപറച്ചിൽ" എപ്പോഴും "അവസാനയാത്ര" അല്ല എന്നും സൂചിപ്പിക്കാം; ചിലപ്പോൾ കലാകാരന്മാർ തങ്ങളുടെ വിടവാങ്ങൽ റദ്ദ് ചെയ്യാറുണ്ട്. പൗലൊസ് *വിചാരിച്ചത്* ആസ്യയിലേയും ഗ്രീസിലേയും സഹോദരങ്ങളെ അവൻ ഒരിക്കലും കാണുകയില്ല എന്നാണ്, പക്ഷേ അവൻ വീണ്ടും അവരെ കാണുകയുണ്ടായി.)

---

കുറിപ്പുകൾ

[1]ഈ സമയത്ത് പൗലൊസിന്റെ എഴുത്തുകളിൽ നിന്നു സമയത്തെ പുന:ക്രമീകരണം നടത്തും: റോമർ, 1 ഉം 2 കൊരിന്ത്യർ. ലൂക്കൊസ് ഈ കാലയളവ് വിശദമായി പറയാതിരിക്കാൻ കാരണം ലേഖനങ്ങളിൽ പറഞ്ഞുകഴിഞ്ഞതുകൊണ്ടാകാം. [2]വില്ല്യം ബാർക്‌ലേ, *ദ ആക്സ് ഓഫ് ദി അപ്പൊസ്തൽസ്*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. ഇഡി. (ഫിലെദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 148. എഫ്. എഫ്. ബ്രൂസ് കാലയളവ് രണ്ടു വർഷത്തോളം നീണ്ടു എന്നാണ് (*ദ ബുക്ക് ഓഫ് ആക്സ്*, റെവ.ഇഡി. [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി.,

1988], 381). [3]പദപ്രയോഗം ശ്രദ്ധിച്ചു വായിക്കുക. യെരുശലേമിലെ *എല്ലാ* വിശുദ്ധന്മാരും ദരിദ്രരായിരുന്നില്ല, *ചിലർ* ആയിരുന്നു താനും. [4]തുടർന്നു നടന്ന സംഭവങ്ങൾ ഇതു വ്യക്തമാക്കുന്നു. [5]പൗലൊസ് തന്റെ തീരുമാനങ്ങൾ എല്ലാം, കർത്താവിനോട് ആലോചിച്ച് എടുത്തതാണെന്ന് തീർച്ച. [6]പൗലൊസിന്റെ മൂന്നാമത്തെ മിഷണറിയാത്ര നോക്കുക. [7]ദൈവം - നല്കിയ അവസരം പൗലൊസ് ഉപയോഗിക്കാതിരുന്നതായി രേഖപ്പെടുത്തിയ സംഭവം ഇതു മാത്രമാണ്. [8]പൗലൊസ് ലേഖനം തിമൊഥെയൊസിനു പറഞ്ഞുകൊടുത്ത് എഴുതിയതാകാം (2 കൊരിന്ത്യർ 1:1). [9]പേർ പറയാത്ത ഈ രണ്ടു സഹോദരന്മാർ ആരെന്നു നമുക്ക് അറിഞ്ഞുകൂടാ, പൗലൊസ് അവരുടെ പേർ പറയാതിരിക്കാൻ കാരണവും നമുക്കറിയില്ല. ലൂക്കൊസിന്റെയും, ബർന്നബാസിന്റേയും, തിമൊഥെയൊസിന്റെയും പേർ പറഞ്ഞു കേട്ടിട്ടുണ്ട്. ഒരു പക്ഷേ പ്രവൃത്തികൾ 20:4-ൽ പറഞ്ഞ സഭകളിലെ പ്രതിനിധികളിൽ രണ്ടുപേരും ആയേക്കാം. [10]"പൗലൊസിന്റെ മൂന്നാം മിഷണറിയാത്രയുടെ പടം നോക്കുക." തന്റെ ആദ്യത്തെ സന്ദർശനത്തേക്കാൾ യോജിച്ചതായിരുന്നു പൗലൊസിന്റെ ഇപ്പോഴത്തെ ഇല്ലൂര്യ സന്ദർശനം.

[11]അവരെ വീണ്ടും കാണും എന്നു പൗലൊസ് വിചാരിക്കായ്കകൊണ്ട്, അവന്റെ പ്രബോധനം പ്രവൃത്തികൾ 20:18-35-ൽ കാണുന്നതുപോലെ ആയേക്കാം. [12]ശൈത്യകാലത്തായിരുന്നേക്കാം ഒരു പക്ഷേ അവൻ അവിടെ താമസിച്ചത്, അപ്പോൾ യാത്ര ബുദ്ധിമുട്ടുണ്ട്. [13]തിത്തൊസ് യെസ്തോസിന്റെ മൂന്നാമത്തെ പേരാണ് ഗായോസ് എന്ന് ചിലർ ഊഹിച്ചിട്ടുണ്ട് (18:7). [14]തെർത്തോസിന്നു പുസ്തകം പറഞ്ഞുകൊടുത്തതും (റോമർ 16:22) ഒരു പക്ഷേ ഫേബയാൽ ലേഖനം എത്തിച്ചിരിക്കാനും ഇടയുണ്ട്, അവൾ കെംക്രയക്കാരത്തിയായിരുന്നു (റോമർ 16:1, 2). (കൊരിന്തിനു ഉപയോഗിക്കാമായിരുന്ന തുറമുഖമായിരുന്നു കെംക്രയ.) പുസ്തകത്തിലെ രസകരമായ ഒരു കാര്യം അക്വിലാസും പ്രിസകില്ലയും റോമിലേക്കു മടങ്ങി വന്നു എന്നതാണ് (റോമർ 16:3, 4); എപ്പോഴോ അവർ എഫെസൊസ് വിട്ട് റോമിലേക്കു മടങ്ങി, ഒരു പക്ഷേ അവരുടെ വ്യാപാരത്തിനായിരിക്കാം. കൂടുതൽ വിവരങ്ങൾ റോമാ ലേഖനത്തിലുണ്ട്. [15]പ്രവൃത്തികൾ 20:4-ൽ പറയുന്ന, തിമൊഥെയൊസ്, റോമാലേഖനം എഴുതുമ്പോൾ കൊരിന്തിൽ പൗലൊസിനോടു കൂടെയുണ്ടായിരുന്നു (റോമർ 16:21). വീണ്ടും, പ്രവൃത്തികൾ 20:4-ൽ പറയുന്ന സോപത്രൊസ് തന്നെയാണ് റോമർ 16:21 ലെ ("സോ പത്രൊസ്" എന്നതു "സോസി പത്രൊസ്" എന്നതിന്റെ ചുരുക്കരൂപമാണ്), പിന്നെ മറ്റൊരു പ്രതിനിധി പൗലൊസിനോടുകൂടെ കൊരിന്തിൽ ഉണ്ടായിരുന്നതായി നമുക്കറിയാം. [16]മുൻപു പറഞ്ഞതുപോലെ, ഇതു റോമർ 16:21 ലെ സോസിപത്രൊസ് ആയിരുന്നേക്കാം. [17]നമ്മുടെ കഴിഞ്ഞ പാഠത്തിൽ നാം അരിസ്തർഹൊസിനെ കണ്ടിരുന്നു. ഈ പാഠത്തിലെ "ക്രിസ്ത്യാനിത്വം പണസഞ്ചിയെ തട്ടുമ്പോൾ" പ്രവൃത്തികൾ 19:29 ന്റെ നോട്ടുകളും കുറിപ്പുകളും നോക്കുക. [18]സുക്കന്തൊസ് എന്നതിനർത്ഥം "രണ്ടാമത്തെ" എന്നാണ്. അവൻ തന്റെ അച്ഛന്റെ രണ്ടാമത്തെ മകൻ ആയിരുന്നേക്കാം - അല്ലെങ്കിൽ അവൻ ഒരു അടിമ എന്നു സൂചിപ്പിക്കുകയും "ഒരു സംഖ്യയേക്കാൾ അല്പം കൂടുതൽ." റോമർ 16:22, 23 പറയുന്നു. തെർത്തോസ് ("മൂന്നാമൻ") ക്വർത്തൊസ് ("നാലാമൻ") എന്നും ആണ്. [19]ഈ പാഠത്തിലെ "ക്രിസ്ത്യാനിത്വം പണസഞ്ചിയെ തട്ടുമ്പോൾ" എന്നതിലെ പ്രവൃത്തികൾ 19:29 ന്റെ നോട്ടകളും കുറിപ്പുകളും നോക്കുക. [20]തിഹിക്കൊസ് പിന്നീട് റോമിൽ പൗലൊസിനോടുകൂടെ ഉണ്ടായിരുന്നു (എഫെസ്യർ 6:21; കൊലെസ്യർ 4:7) അവന്റെ മോചനത്തിൽ അവനോടുകൂടെ സഞ്ചരിച്ചു (തിത്തൊസ് 3:12; 2 തിമൊഥെയൊസ് 4:12).

[21]പൗലൊസിനെ ദൈവാലയത്തിലേക്കു കൊണ്ടുവന്നവൻ എന്ന് ആരോപിക്കപ്പെട്ടവനായിരുന്നു ത്രൊഫിമോസ് 21:29. അവൻ പൗലൊസിന്റെ അവസാന കാലത്ത് അവനോടുകൂടെ സഞ്ചരിച്ചിരുന്നു (2 തിമൊഥെയൊസ് 4:20). [22]അഖായ സഭയെ പ്രതിനിധീകരിക്കുന്നതായി ആരെയും പ്രത്യേകമായി പറഞ്ഞിട്ടില്ല. ഇതു അസാധാരണമായി തോന്നാം, ഇവരെ തിരഞ്ഞെടുത്തതായി പറയുന്ന ഒരു വാക്യം 1 കൊരിന്ത്യർ 16:3, 4 ആണ്. ഒരു പക്ഷേ കൊരിന്ത്യ സഭ പൗലൊസിനോട് അവരെ പ്രതിനിധീകരിക്കാൻ ആവശ്യ

പ്പെട്ടിരിക്കാം – അല്ലെങ്കിൽ തിത്തൊസിനോടോ, അല്ലെങ്കിൽ പേർ പറയാത്ത ആ രണ്ടു സന്ദേശവാഹകരോടോ പറഞ്ഞിരിക്കാം 2 കൊരിന്ത്യർ 8:18–23, അല്ലെങ്കിൽ പേർ പറയാത്ത് മറ്റാരെങ്കിലും ആകാം. [23]യാത്രയിൽ ഇടക്കിടക്ക് പൗലൊസ് കൂട്ടു പിരിയുന്നത്, പ്രയാസമെന്നു തോന്നിയേക്കാം (20:5, 13, 14). സന്ദേശവാഹകർ ധർമ്മശേഖരം ചുമന്നിരിക്കാനാണ് കൂടുതൽ സാദ്ധ്യത. [24]പേർ പറഞ്ഞ എല്ലാവരും, അല്ലെങ്കിൽ മിക്കവരും, ഉപദേഷ്ടാക്കന്മാരോ അല്ലെങ്കിൽ ഉപദേഷ്ടാക്കളാകാൻ പരിശീലനം ലഭിച്ചവരോ ആകാം, യെരുശലേമിലേക്കുള്ള യാത്രാവേളയിൽ കുറെ പരിശീലനം നല്കുവാനുള്ള അവസരവും പൗലൊസ് ഉപയോഗപ്പെടുത്തിയേക്കാം. വേറൊരു സാദ്ധ്യത എനിക്കു തോന്നുന്നത്: ജാതികളിൽ പെട്ട ക്രിസ്ത്യാനികൾ *വ്യക്തിപരമായി* തങ്ങളുടെ ധർമ്മശേഖരം യെഹൂദ സഹോദരന്മാരുടെ കയ്യിൽ നേരിട്ടുകൊടുത്ത് “താങ്ക്യു” എന്നു പറയുവാൻ സാഹചര്യം ഒരുക്കുന്നു. സാധ്യമെങ്കിൽ “വ്യക്തിപരമാക്കുക” എന്ന ആശയം ആണ് നല്കുന്നത്. [25]പൗലൊസിനു മക്കെദൊന്യയിൽ വെച്ച് കലഹം നേരിടേണ്ടിവന്നിട്ടുണ്ട് (2 കൊരിന്ത്യർ 7:5); ഇപ്പോൾ അവനു അഖായയിലും കലഹം നേരിടേണ്ടി വന്നു. [26]യെഹൂദന്മാരുടെ മറ്റു കൂട്ടുകെട്ടുകൾ കാണുവാൻ, 9:24; 23:16; 25:3. 2 കൊരിന്ത്യർ 11:26 നോക്കുക. [27]പൗലൊസിന്റെ അന്തിമ ലക്ഷ്യം യെരുശലേമിലേക്കു പോകുക എന്നതായിരുന്നു, പക്ഷേ അപ്പോൾ കിട്ടിയ കപ്പൽ സുറിയക്കുള്ളതായിരുന്നു. പൗലൊസിന്റെ ആരംഭപദ്ധതി സുറിയയിൽ പോയി അന്ത്യൊക്യയിലെ സഹോദരന്മാരെ കാണുക എന്നതായിരിക്കണം, പിന്നെ ധർമ്മശേഖരം കൊണ്ട് യെരുശലേമിലേക്കു പോകുവാനും ആയിരുന്നു. [28]പെസഹക്കു തീർത്ഥാടകരെ കയറ്റി പോകുന്ന കപ്പലിൽ യെരുശലേമിലേക്കു പോകുവാനായിരുന്നു പൗലൊസിന്റെ ആദ്യ പരിപാടി എന്നു പറയപ്പെടുന്നു. എങ്ങനെയായാലും, പൗലൊസ് “*സുറിയക്കുള്ള* കപ്പലിൽ യാത്രക്ക് പദ്ധതിയിട്ടു” എന്നു വേദഭാഗത്ത് ഉള്ളതു കൊണ്ട് (അവിടെയാണ് അന്ത്യൊക്യ), പാലസ്തീനായിരുന്നില്ല (അവിടെയായിരുന്നു യെരുശലേം). [29]ഈ ധർമ്മശേഖരത്തെക്കുറിച്ച് യെഹുദന്മാർ അറിഞ്ഞോ എന്നറിയില്ല, പക്ഷെ രഹസ്യമായി വെച്ചിരിക്കാനും വഴിയില്ല. യെഹൂദന്മാർ പൗലൊസിനെ കവർന്നെടുക്കയോ (അല്ലെങ്കിൽ കവർച്ച ചെയ്യപ്പെടുകയോ), ചെയ്താൽ അതു മതപരമായ ഉദ്ദേശത്തേക്കാൾ, ക്രൂരകൃത്യലക്ഷ്യമാകും. [30]സന്ദേശ വാഹകർ എപ്പോഴാണ് പൗലൊസിനെ വിട്ടുപോയതെന്ന് ലൂക്കൊസ് പ്രത്യേകമായി പറഞ്ഞിട്ടില്ല. പറഞ്ഞ കാര്യത്തിനു സാധ്യതയുണ്ട്. ആ പേർ പറഞ്ഞ ഏഴു പുരുഷന്മാരും ത്രോവാസിലേക്കു പോയി എന്നു നമുക്ക് തീർച്ചയില്ല. അഞ്ചാം വാക്യത്തിലെ, “ഇവർ” എന്നതു 4–ാം വാക്യത്തിലെ *രണ്ടു* ആകാനാണ് വ്യാകരണം നോക്കുമ്പോൾ സാധ്യത, എന്നാൽ ഏഴു പേരും ത്രോവാസിലേക്കു പോയി കാണും.

[31]യെരുശലേമിലെ മുട്ടുള്ള വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മ ശേഖരത്തെക്കുറിച്ച് ചിലർ പറയുന്നതു “സഭാഭണ്ഡാരത്തിൽ” നിന്നു, സഭയിലെ സഹോദരങ്ങളെ മാത്രമേ സഹായിക്കാവു, അതും “പരമ ദരിദ്രാവസ്ഥയിലുള്ളവരെ” മത്രം. ഈ പാഠം മുഴുവൻ, ഞാൻ ഊന്നി പറയുന്നത് ധർമ്മശേഖരത്തിന്റെ ഉദ്ദേശം യെരുശലേമിലെ ദരിദ്രരായ ക്രിസ്ത്യാനികളെ കഷ്ടതയിൽ ആശ്വസിപ്പിക്കുക മാത്രമായിരുന്നില്ല (യെരുശലേമിലെ ദരിദ്രരായിരുന്ന ക്രിസ്ത്യാനികൾ പട്ടിണി കിടക്കുകയായിരുന്നെങ്കിൽ ധർമ്മശേഖരം പൂർത്തിയാക്കുന്നതിനു മുൻപു തന്നെ അവർ മരിക്കുമായിരുന്നു), എന്നാൽ അതു സ്നേഹവും അനുമോദനവും പ്രകടിപ്പിക്കാനായിരുന്നു. നാം അത്തരം പ്രകടനം കുറച്ചല്ല കൂടുതൽ പ്രകടിപ്പിക്കണം – അംഗങ്ങൾക്കും പുറത്തുള്ളവർക്കും ചെയ്യണം. [32]കൂടാതെ, പ്രവൃത്തികൾ 20:22–ൽ ആ അപകടങ്ങളെ പൗലൊസ് പറയുമ്പോൾ, മക്കെദൊന്യയിൽ പോകുന്നതിനാൽ ഒരു പട്ടണത്തിലേ ഉണ്ടായിരുന്നുള്ളു (ത്രോവാസ്). അതുകൊണ്ട്, “പട്ടണം തോറും” എന്നതിൽ മക്കെദൊന്യയിലെ ഒന്നിലധികം പട്ടണങ്ങൾ എന്നു സൂചിപ്പിക്കുന്നു. [33]അവർ വാസ്തവത്തിൽ നിയാപ്പൊലിസിൽ നിന്നു കപ്പലിൽ യാത്ര ചെയ്തു, ഫിലിപ്പിയുടെ തുറമുഖമായി അതു ഉപയോഗിച്ചിരുന്നു (16:11, 12). [34]മുൻപ്, അയേഗ്യൻ കടൽ കടന്നു പോകുവാൻ പൗലൊസ് രണ്ടു ദിവസമേ എടുത്തുള്ളു (16:11);

ആ സമയത്ത് കാറ്റു ഒരു പക്ഷേ അനുകൂലമായിരുന്നിരിക്കാം, ഈ സമയത്ത് പ്രതികൂലവുമായിരുന്നേക്കാം. [35]ലൂക്കൊസും മറ്റു ക്രിസ്ത്യാനികളും ആ പെരുന്നാൾ ആചരിച്ചതായി സൂചനയൊന്നുമില്ല. ഒരു ജാതിയിൽ പെട്ട, ലൂക്കൊസ് ഒരിക്കലും യെഹൂദാഘോഷത്തിൽ ചേരുകയില്ല. [36]"ഞങ്ങൾ" എന്ന പദം ഉപയോഗിച്ചതുകൊണ്ട് ലൂക്കൊസും മറ്റാരെങ്കിലും ഉൾപ്പെട്ടിരിക്കാം - 20:4-ൽ തിമൊഥൊസിനേയും മറ്റും പേരെടുത്തു പറഞ്ഞിട്ടില്ല - തീർച്ചയായും ഒരിക്കൽ കൂടെ, ലൂക്കൊസിനെയും ഉൾപ്പെടുത്തിയിരുന്നു. ലൂക്കൊസ് എല്ലാം വിശദമായി പറഞ്ഞിട്ടില്ല. മക്കെദൊന്യക്കു മടങ്ങിപോകുവാനായിരുന്നില്ല പൗലൊസിന്റെ ആദ്യ പദ്ധതി എന്നതുകൊണ്ട്, ആദ്യത്തെ അവന്റെ പദ്ധതി ത്രോവാസിൽ വെച്ച് ലൂക്കൊസും മറ്റുള്ളവരും അവനോട് ചേരുവാനായിരുന്നേക്കാം ആദ്യം പദ്ധതിയിട്ടത്: അല്ലെങ്കിൽ ഒരു പക്ഷേ പേർ പറയാതിരുന്ന സഹോദരന്മാരിൽ ഒരാൾ ലൂക്കൊസ് തിമോഥൊസിനോടു കൂടെ കൊരിന്തിലേക്കു പോയിരിക്കാം. ഈ പാഠത്തിൽ ആദ്യത്തെ കുറിപ്പിൽ 9 നോക്കുക, പൗലൊസിനോടു കൂടെ മക്കെദൊന്യയിലേക്കു മടങ്ങുകയും, പിന്നെ ഫിലിപ്പിയിൽ നിന്നു കപ്പൽയാത്ര ചെയ്യുകയും ആവാം.